# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 4851

24/07/2015-ൽ മറുപടിക്ക്

## കാഞ്ഞങ്ങാട് മലേറിയ വാഹക ലാർവകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| കാഞ്ഞങ്ങാട്, കാസർകോട് നഗരങ്ങളിൽ മലേറിയ വാഹകരായ കൊതുകുകളുടെ ലാർവകൾ കണ്ടെത്തി എന്ന ആരോഗ്യവകുപ്പിന്റെ റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് പറയാമോ; | കാഞ്ഞങ്ങാട്, കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശത്തുനിന്നും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് നടത്തിയ സർവേയിൽ മലമ്പനിക്ക് കാരണമാകുന്ന അനോഫിലിസ് കൊതുകിന്റെ കൂത്താടികളെ കണ്ടെത്തിയിട്ടുണ്ട്. രോഗ നിയന്ത്രണത്തിന്റെ ഭാഗമായി ജനുവരി മാസം മുതൽ തന്നെ ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും രോഗ നിരീക്ഷണം, കൊതുക നശീകരണം എന്നിവ നടത്തി വരുന്നു. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിൽ മാർച്ച് മാസം മുതൽ തന്നെ മുനിസിപ്പൽ തല കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ചു. ഡി.വി.സി. യൂണിറ്റ് കാഞ്ഞങ്ങാട്, ഫീൽഡ് സ്റ്റേഷൻ, സി.എച്ച്.സി. പെരിയ (അർബൻ), പി.പി. യൂണിറ്റ്, ജില്ലാ ആശുപത്രി എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ വാർഡ് തല ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. കഴിഞ്ഞ കാലങ്ങളിൽ മലമ്പനി റിപ്പോർട്ട് ചെയ്ത മുനിസിപ്പൽ തീരദേശ വാർഡുകളിൽ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ് പ്രത്യേക സർവ്വേ നടത്തിയതിന്റെ അടിസ്ഥാനത്തിൽ കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റിയിലെ തീരദേശ വാർഡുകളിൽ |

(ആവിക്കര മീനാപ്പീസ് കടപ്പുറം) മലമ്പനിക്ക് കാരണമായ അനോഫിലിസ് കൊതുകിന്റെ കൂത്താടികൾ കണ്ടെത്തിയിരുന്നു. പ്രസ്തുത വിവരം മുനിസിപ്പൽ ആധികൃതരെ അറിയിക്കുകയും 08/06/2015-ന് മീനാപ്പീസ് കടപ്പുറത്ത് മാസ് കാമ്പെയിൻ നടത്തുകയും ചെയ്തു. പ്രസ്തുത പരിപാടിയിൽ ആരോഗ്യ വകുപ്പ് പ്രവർത്തകർ, ആശാവോളന്റിയർമാർ, മുനിസിപ്പൽ ജീവനക്കാർ, വിവിധ ക്ലബ് പ്രവർത്തകർ എന്നിവർ ഉൾപ്പെട്ട ടീം പ്രദേശത്തെ ടാങ്കുകൾ പരിശോധിച്ച് ഡി-വാട്ടറിംഗ് നടത്തി, കിണറുകളിൽ ഗപ്പി മൽസ്യ നിക്ഷേപം, അതുപോലെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ എന്നിവ നടത്തുകയുണ്ടായി. ഇതര സംസ്ഥാന തൊഴിലാളികളുടെ സ്ക്രീനിംഗ്, കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, എന്നിവ അവർ താമസിക്കുന്ന സ്ഥലങ്ങളിൽ നടത്തിയിട്ടുണ്ട്. കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി പ്രദേശത്ത് നിന്നും ഈ വർഷം 2 മലമ്പനി കേസുകൾ മാത്രമാണ് റിപ്പോർട്ട് ചെയ്തത്. കാസർഗോഡ് മുനിസിപ്പാലിറ്റി പ്രദേശങ്ങളിൽ കൊതുക്, കൂത്താടി നശീകരണ പ്രവർത്തനങ്ങൾ കാലാനുസൃതമായി നടന്നു വരുന്നു. രോഗബാധ സംശയിക്കുന്ന പ്രദേശങ്ങളിൽ സിന്തറ്റിക് പൈറിത്രോയിഡ് ഉപയോഗിച്ചുകൊണ്ടുള്ള ഇൻഡോർ റസിഡ്യുവൽ സ്പ്രേയിംഗ് നടത്തിയിട്ടുണ്ട്. കസബ, അടുക്കത്ത്ബയൽ കടപ്പുറം പ്രദേശങ്ങളിലെ മുഴുവൻ വീടുകളിലും ഐ.ആർ.എസ്. നടത്തിയിട്ടുണ്ട്. കൂടാതെ കൂത്താടി ഭോജി മൽസ്യമായ ഗപ്പിയെ തീരദേശ പ്രദേശത്തെ എല്ലാ കിണറുകളിലും നിക്ഷേപിച്ചിട്ടുണ്ട്. ഉപയോഗ ശൂന്യമായ കിണറുകളിലും ജലാശയങ്ങളിലും ഡി.വി.സി.

യൂണിറ്റിന്റെ നേതൃത്വത്തിൽ ടെമിഫോസ് ഉപയോഗിച്ച് കൊണ്ടുള്ള കൂത്താടി നശീകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നു വരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ സ്ക്രീനിംഗ്, കൊതുക് കൂത്താടി നശീകരണ പ്രവർത്തനങ്ങൾ ശക്തമായിതന്നെ നടത്തി വരുന്നു. ഇതര വകുപ്പുകളുടെ സഹകരണവും പൊതുജന പങ്കാളിത്തവും കൊതുക് നിയന്ത്രണ പ്രവർത്തനങ്ങൾക്ക് അനിവാര്യമാണ്. ഇതിന് വേണ്ടിയുള്ള പ്രത്യേക മീറ്റിംഗുകളും അവലോകന യോഗങ്ങളും, നിരീക്ഷണ പ്രവർത്തനങ്ങളും നടന്നു വരുന്നു. കൂടാതെ കൊതുക് കടിയേല്ക്കാതിരിക്കാനുള്ള വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ബോധവത്ക്കരണ പ്രവർത്തനങ്ങളും ആരോഗ്യ സന്നദ്ധ പ്രവർത്തകർ വഴി നടപ്പിലാക്കുന്നുണ്ട്. പ്രസ്തുത പ്രവർത്തനങ്ങളുടെ ഫലമായി മലമ്പനി രോഗം പൂർണ്ണമായും നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ